## സർക്കുലർ

05/NSS/DHSE/2010 Date: 8.01.2010

2008–09 അദ്ധ്യയന വർഷം നാഷണൽ സർവ്വീസ് സ്കീമിൽ അംഗമാകുകയും 2009–2010 ൽ 12–ാം ക്ലാസ്സ് പരീക്ഷ എഴുതുകയും ചെയ്യുന്ന സജീവ എൻ.എസ്.എസ് വോളണ്ടിയർമാർക്ക് 2010 മാർച്ചിൽ നടക്കുന്ന ഹയർ സെക്കണ്ടറി പരീക്ഷയിൽ നിബന്ധനകൾക്ക് വിധേയമായി എൻ.എസ്.എസ്. ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുന്നതാണ്.

വർഷം തോറും 120 മണിക്കൂർ റെഗുലർ ആക്ടിവിറ്റി തുടർച്ചയായി 2 വർഷം ചെയ്യുകയും ഇക്കാലയളവിൽ ഒരു സപ്തദിന റെസിഡൻഷ്യൽ ക്യാമ്പിലെങ്കിലും പൂർണ്ണമായും പങ്കെടുക്കുകയും ചെയ്തിട്ടുള്ള എൻ.എസ്.എസ്.വോളണ്ടിയർമാർക്കാണ് ഗ്രേസ് മാർക്കും സർട്ടിഫിക്കറ്റും നൽകുക.

സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുത്തിട്ടുള്ള 12–ാം ക്ലാസ്സ് വോളണ്ടിയർമാർ റെഗുലർ ആക്ടിവിറ്റി പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ ഫെബ്രുവരി 15 നകം അവ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വർഷം എൻ.എസ്.എസ് സെൽ നിർദ്ദേശിച്ചിട്ടുള്ള ''സഹയാനം'' പരിപാടി (സർക്കുലർ 279, പ്രവർത്തന രൂപ രേഖ തീയതി 9.12.09) മെഡിക്കൽ ക്യാമ്പ് മുതലായവ പൂർത്തീകരിക്കാൻ എല്ലാ യൂണിറ്റുകളും ശ്രദ്ധിക്കേണ്ടതാണ്. സഹയാനം പരിപാടിയിലും അനുബന്ധ പ്രവർത്തനങ്ങളിലും പൂർണ്ണമായും പങ്കെടുക്കുന്ന വോളന്റിയർമാർ 48 മണിക്കൂർ റെഗുലർ ആക്ടിവിറ്റിയിൽ പങ്കെടുത്തതായി പരിഗണിക്കാവുന്നതാണ്.

ഗ്രേസ്മാർക്കിന് യോഗ്യത നേടുന്ന തരത്തിലുള്ള എൻ.എസ്.എസ്. പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം അതത് എൻ.എസ്.എസ്. വോളന്റിയർമാർക്കാണ്. വിവിധ പ്രവർത്തനങ്ങൾ രേഖപ്പെടുത്തി പ്രോഗ്രാം ഓഫീസറുടെ കൈയ്യൊപ്പിട്ട 'വർക്ക് ഡയറി' ഇതിനായി സൂക്ഷിക്കേണ്ടതാണ്.

ഒരു സ്ക്കൂളിൽ നടത്തിയിട്ടുള്ള എല്ലാ എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെയും പൂർണ്ണമായ വിവരങ്ങൾ പ്രോഗ്രാം ഓഫീസർ രേഖപ്പെടുത്തണം. വോളണ്ടിയർമാർ കൈയ്യൊപ്പിട്ട അറ്റൻഡൻസ് രജിസ്റ്റർ, പ്രവർത്തന റിപ്പോർട്ട് തുടങ്ങിയവ പ്രോഗ്രാം ഓഫീസർമാർ സൂക്ഷിക്കേണ്ടതാണ്.

എൻ.എസ്.എസ്.വോളണ്ടിയർമാർക്ക് ഗ്രേസ് മാർക്കും സർട്ടിഫിക്കറ്റും ലഭ്യമാക്കാനുള്ള അപേക്ഷ നൽകേണ്ടത് പ്രിൻസിപ്പൽമാരാണ്. ഓരോ എൻ.എസ്. എസ്, വോളണ്ടിയർമാരും റെഗുലർ ആക്ടിവിറ്റിയും സപ്തദിന റെസിഡൻഷ്യൽ സ്പെഷ്യൽ ക്യാമ്പും കൃത്യമായി നടത്തിയിട്ടുണ്ടോ എന്ന് പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തണം. പ്രിൻസിപ്പൽമാരുടെ ഇക്കാര്യത്തിലുള്ള സത്യവാങ്മൂലം ഗ്രേസ്മാർക്ക് നൽകുന്നതിന് ഒരു സുപ്രധാന രേഖയാണ്. ആയതിനാൽ പൂർണ്ണ ബോധ്യമുള്ള കാര്യത്തിന് മാത്രമേ സത്യവാങ്മൂലം നൽകാൻ പാടുള്ളൂ.

പൂർണ്ണമായും 7 ദിവസം ക്യാമ്പിൽ പങ്കെടുക്കാത്തവർക്കും നോൺ റെസിഡൻഷ്യലായി ക്യമ്പിൽ പങ്കെടുത്തവർക്കും നിർദ്ദിഷ്ട രീതിയിൽ റെഗുലർ ആക്ടിവിറ്റി പൂർത്തീകരിക്കാത്ത വോളണ്ടിയർമാർക്കും എൻ.എസ്.എസ്. സർട്ടിഫിക്കറ്റിനും ഗ്രേസ് മാർക്കിനും അർഹത ഉണ്ടായിരിക്കുന്നതല്ലെന്നത് പ്രിൻസിപ്പൽമാർ ശ്രദ്ധിക്കണം.

സ്പെഷ്യൽ ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് സെല്ലിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളും നോട്ടീസും പരിശോധിച്ച് ആയതിൻ പ്രകാരമാണോ ക്യാമ്പ് നടത്തിയിട്ടുള്ളത് എന്നും ഉറപ്പാക്കേണ്ടതാണ്. സർക്കാർ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുള്ള എൻ.എസ്.എസ്. യൂണിറ്റുകൾക്ക് മാത്രമേ എൻ.എസ്.എസ്. സർട്ടിഫിക്കറ്റിനും ഗ്രേസ്മാർക്കിനും അർഹതയുള്ളൂ.

ഓരോ ജില്ലയിലേയും എൻ.എസ്.എസ്.പ്രവർത്തനങ്ങളുടെ പൂർണ്ണമായ വിലയിരുത്തലിന് ജില്ലാ കൺവീനർമാർ ഉൾപ്പെടെയുള്ള ഒരു മോണിറ്ററിംഗ് ടീമിനെ ഹയർ സെക്കണ്ടറി ഡയറക്ടർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ടീമിന് മുമ്പാകെ വോളണ്ടിയർമാരെ പരിചയപ്പെടുത്തുകയും രേഖകൾ പരിശോധിക്കാൻ അവസരം നൽകുകയും ചെയ്യേണ്ടതാണ്.

ഒപ്പ്

പ്രോഗ്രാം കോ–ഒർഡിനേറ്റർ